**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3155**
**24.02.2016 ലെ മറുപടിക്ക്**

## <u>ആസ്തി വികസന പദ്ധതി</u>

| ചോദ്യം. ശ്രീ.ആർ. രാജേഷ് | | ഉത്തരം. ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് 4851-105-97-LAC-ADS (NP) എന്ന ശീർഷകത്തിൽ ഡിസംബർ 2015-ലെ SDG -യിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയ്ക്കനുസരിച്ച് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കുള്ള തുക വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ഡെപ്പോസിറ്റ് ചെയ്യാത്തത് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് ലഭ്യമാക്കാത്തത് കൊണ്ടാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | |
| (സി) | പ്രസ്തുത പ്രവൃത്തിക്കുള്ള തുക ആസ്തി വികസന പദ്ധതിയിൽ നിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | |

| | | |
|---|---|---|
| (ഡി) | ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ആസ്തി വികസന പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷം മുതൽ ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് 5 കോടി എന്ന കണക്കിൽ മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രവർത്തി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതാത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ ഫണ്ട് വകയിരുത്തുന്നു. ടി ശീർഷകത്തിൽ ഫണ്ട് അപര്യാപ്തമാണെന്ന് ധനവകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത ശീർഷകത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്. പൊതു മരാമത്ത് വകുപ്പ്, ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾക്ക് പ്രവൃത്തിയുടെ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചു വരുന്നു. ഇത് കൂടാതെ, അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി ജി.ഒ.(പി) 213/15/ധന തീയതി 05.06.2015 ഉത്തരവ് പുറപ്പെടുവിക്കുകയും കാലതാമസം മില്ലാതെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

Sreekumar

**സെക്ഷൻ ഓഫീസർ**